**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 440** — **05-07-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളുടെ വിവര ശേഖരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. ലിന്റോ ജോസഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടുന്ന മുഴുവൻ വിദ്യാർത്ഥികളുടെയും വിവര ശേഖരണം, സർവകലാശാലാ പ്രവർത്തനങ്ങളുടെ ആധുനികവത്ക്കരണം എന്നിവ ലക്ഷ്യമിട്ട് പ്രത്യേകമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ, വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ വിവരശേഖരണം, സർവകലാശാലാ പ്രവർത്തനങ്ങളുടെ ആധുനികീകരണം എന്നിവ ലക്ഷ്യമിട്ട് ആവിഷ്കരിച്ചുവരുന്ന നടപടികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:<br><br><u>1. ഉന്നത വിദ്യാഭ്യാസ സർവ്വേ:</u><br><br>ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ വിവരശേഖരണം ലക്ഷ്യമിട്ട്, സംസ്ഥാനത്ത് ആദ്യമായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിൻറെ ആഭിമുഖ്യത്തിൽ ഓൺലൈൻ സർവ്വേ ആരംഭിച്ചു. ഓൾ ഇന്ത്യാ ഹയർ എഡ്യൂക്കേഷൻ സർവ്വേയുടെ (AISHE) മാതൃകയിൽ, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന മുഴുവൻ വിവരങ്ങളും ശേഖരിക്കാനാണ് കൗൺസിലിനെ സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്. കൂടാതെ state specific ആയ വിവരങ്ങളും സർവ്വേ സമാഹരിക്കുന്നുണ്ട്. സംസ്ഥാനത്തെ മുഴുവൻ സർക്കാർ, എയ്ഡഡ്, സ്വയംഭരണ, സ്വാശ്രയ കോളേജുകളും സർവകലാശാലകളും സർവ്വേയുടെ പരിധിയിൽ വരും. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള സർവ്വേ പോർട്ടൽ വഴിയാണ് സ്ഥാപനങ്ങൾ വിവരങ്ങൾ നൽകേണ്ടത്. ഇതു സംബന്ധിച്ച രണ്ടു റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നയരൂപീകരണത്തിനും ആസൂത്രണത്തിനും ഇത് പ്രയോജനകരമാണ്. |

രാജ്യത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ചുള്ള വിവരശേഖരണം നടത്തുന്നത് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിനുകീഴിലുള്ള All Indian Survey of Higher Education (AISHE) എന്ന പോർട്ടൽ/ ഓൺലൈൻ സംവിധാനത്തിലൂടെയാണ്.

AISHE വിവരശേഖരണത്തിന് സഹായകരമായി, First Generation Learners (FGL), ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ എൻറോൾമെൻറ് എന്നിവ കൂടി ഉൾപ്പെടുത്തി ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ All Kerala Higher Education Survey (AKHES) നടന്നുവരുന്നു.

AISHE/ AKHES-യുടെ ഭാഗമായി താഴെ പറയുന്ന വിവരങ്ങൾ ശേഖരിക്കുന്നു :

Institutional Information, Academic Programs, Accreditation and Recognition, Student Enrollment, Faculty and Staff, Faculty-Student Ratio, Examination Results, Performance Analysis, Infrastructure and Facilities, Research Faculties and Innovation Centers, Financial Information, Scholarships and Financial Aid, Student Support Services, Quality Assurance Mechanisms.

സംസ്ഥാന ആസൂത്രണ ബോർഡ്, മറ്റു വകുപ്പുകൾ, സർവകലാശാലകൾ എന്നിവയ്ക്ക് ആവശ്യമായ ഡേറ്റാ ഇതിലൂടെ നൽകുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്തെ വിവിധ വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ജീവനക്കാരുടെയും പ്രാതിനിധ്യം സംബന്ധിച്ച വിവരങ്ങൾ ഈ മേഖലയിലെ സ്കോളർഷിപ്പുകൾക്കും മറ്റ് സാമൂഹ്യ മുൻ ഒരുക്കങ്ങൾക്കും പ്രയോജനപ്പെടുത്തിവരുന്നു.

2. <u>Kerala Resource for Education Administration and Planning (K-REAP)</u> :
സർവകലാശാലകളുമായി ബന്ധപ്പെട്ട അക്കാദമിക്, പരീക്ഷ, അസൂത്രണം, ഫിനാൻസ്, ഭരണവിഭാഗങ്ങൾ എന്നിവ പൂർണ്ണമായും ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെ നടപ്പാക്കുന്നതിനായി Kerala Resource for Education Administration and Planning (K-REAP) എന്ന പേരിൽ ഒരു ഇ-ഗവേണൻസ് സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഏതൊക്കെ വിഭാഗങ്ങളിലായി എന്തൊക്കെ വിവരങ്ങളാണ് ശേഖരിക്കുന്നത്; വിശദാംശം നൽകാമോ; | (ബി) | (എ)-യിൽ നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രസ്തുത ഡാറ്റാബാങ്ക് ഏതെല്ലാം തരത്തിൽ ഉപയോഗപ്പെടുമെന്ന് വിശദമാക്കുമോ? | (സി) | (എ)-യിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ